**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **27-02-2023 - ൽ മറുപടിയ്ക്ക്**

**സ്പോട്ട് ബില്ലിംഗ് മെഷീൻ മുഖേന വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് മെഷീനുകൾ മുഖേന വൈദ്യുതി ചാർജ് ഈടാക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ; | (എ) | വൈദ്യുതി ബോർഡ് സ്പോട് ബില്ലിംഗ് മെഷീനുകൾ ഉപയോഗിച്ച് വൈദ്യുതി ചാർജ്ജ് താല്പര്യമുള്ള ഉപഭോക്താക്കളുടെ അടുത്തുനിന്നും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും താൽപര്യ പത്രങ്ങൾ ഉടൻ ക്ഷണിക്കും. |
| (ബി) | ഇതിലൂടെ ബോർഡിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് നടപ്പിൽ വരുത്തുന്നതിനായി ബോർഡിനുണ്ടാകുന്ന അധിക ചെലവ് എത്ര രൂപയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ വൈദ്യുതി ബോർഡ് ഉപയോഗിക്കുന്ന സ്പോട് ബില്ലിംഗ് മെഷീനുകളുടെ ബാറ്ററി ഉൾപ്പെടെയുള്ള സ്പെയർ പാർട്സുകൾ ലഭ്യമാകുവാൻ ബുദ്ധിമുട്ടായതിനാൽ കേടാകുന്ന മെഷീനുകൾ നന്നാക്കി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട് ഇവയുടെ വാറന്റി കാലാവധി കഴിയുകയും മെന്റെനൻസ് കോൺട്രാക്ട് എടുക്കാൻ സ്ഥാപനങ്ങൾ സന്നദ്ധമാകാത്ത സ്ഥിതി ഉണ്ട്. തന്മൂലം ആവശ്യമായ പഴയ സ്പോട ബില്ലിംഗ് മെഷിനുകൾ സെക്ഷൻ ഓഫീസുകളിൽ ലഭ്യമല്ലാത്തതിനാൽ ദൈനംദിന ബില്ലിംഗ് പ്രവർത്തികൾ സുഗമമായി കൊണ്ടുപോകാൻ പ്രയാസം നേരിടുന്നുണ്ട്. അതിനാലാണ് പുതിയ ആൻഡ്രോയിഡ് സ്പോട് ബില്ലിംഗ് മെഷീനുകൾ ഉപയോഗിക്കാൻ തീരുമാനിച്ചത്. മൊത്തം 6000 മെഷീനുകളാണ് ആവശ്യമായിട്ടുള്ളത് ഇവയ്ക്കുള്ള മാസവാടക ഇനത്തിൽ ആണ ചെലവുള്ളത്. ടെൻഡർ നടപടിയിലൂടെ ഏറ്റവും കുറഞ്ഞ മാസവാടക സമ്മതിക്കുന്ന ദേശസാൽകൃത ബാങ്കുകളെ തിരഞ്ഞെടുക്കും. |
| (സി) | നിലവിൽ പദ്ധതിക്കായി എത്ര മെഷീനുകൾ | (സി) | പദ്ധതിക്കായി 6000 എണ്ണം ലഭ്യമാക്കാനാണ് |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനാണ് ബോർഡ് ആലോചിക്കുന്നത്; മെഷീനുകൾ വിലയ്ക്ക് വാങ്ങുന്നതിനാണോ വാടകയ്ക്ക് എടുക്കുന്നതിനാണോ ബോർഡ് ആലോചിക്കുന്നത്; | | ഉദ്ദേശിക്കുന്നത്. ഈ മെഷീനുകൾ വാടകയ്ക്ക് എടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | സ്പോട്ട് ബില്ലിംഗ് മെഷീനുകൾ ലഭ്യമാക്കുന്നതിനായി ബോർഡ് ഏതെങ്കിലും സ്ഥാപനങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; എത്ര രൂപ നിരക്കിൽ മെഷീനുകൾ ലഭ്യമാക്കുന്നതിനാണ് ബോർഡ് ആലോചിക്കുന്നത്; മെഷീനുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബോർഡിന്റെ പരിഗണനയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഈ പദ്ധതിക്കായി നിലവിൽ ഒരു സ്ഥാപനവുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. ദേശസാൽകൃത ബാങ്കുകളുടെ ഇടയിൽ നിന്നും ടെൻഡർ നടപടിയിലൂടെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഈ മെഷീനുകൾക്ക് നിലവിലെ വിപണി വില എത്രയാണ്; മെഷീനുകൾ വാടകയ്ക്ക് എടുക്കുമ്പോഴും പുതുതായി വാങ്ങുമ്പോഴും സ്ഥാപനങ്ങൾ നൽകുന്ന വാറണ്ടി, എ.എം.സി., സർവീസ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ഈ മെഷീനുകൾക്ക് നിലവിൽ ഏകദേശം 13500 മുതൽ വിപണി വില ഉണ്ട്. മെഷീനുകൾ വാങ്ങുമ്പോൾ 3 വർഷത്തെ വാറന്റി കമ്പനികൾ നൽകാറുണ്ട്. മെഷീനുകൾ വാടകയ്ക്ക് എടുക്കുകയാണെങ്കിൽ, ആ സ്ഥാപനം തന്നെ സർവീസിങ് ചെയ്യുന്നതാണ്. |
| (എഫ്) | സംസ്ഥാനത്ത് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ച് കഴിഞ്ഞാൽ മീറ്റർ റീഡർമാർ വീടുകളിൽ നേരിട്ട് പോകാതെ തന്നെ അതാത് ഓഫീസുകളിൽ ഇരുന്ന് വൈദ്യുതി റീഡിങ് എടുക്കാനും ഉപഭോക്താവിന് ഓൺലൈനിൽ പ്രീപെയ്ഡ് ആയി വൈദ്യുതി ചാർജ് അടക്കുവാനും കഴിയുമോ; | (എഫ്) | ആർ.ഡി.എസ്.എസ് പദ്ധതിയുടെ മാർഗരേഖ പ്രകാരം ഒന്നാം ഘട്ടമായി ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൊവൈഡറെ (സേവന ദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13.02.2023 ന് ആരംഭിച്ചു. സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ മീറ്റർ റീഡിങ്ങും മറ്റ് വിവരങ്ങളും ഒരു കേന്ദ്രീകൃത സംവിധാനത്തിൽ ലഭ്യമാകുന്നതാണ്. മീറ്റർ റീഡർമാർ നേരിട്ട് വീടുകളിൽ പോകേണ്ടതില്ല. ഉപഭോക്താക്കൾക്ക് നേരിട്ട് പ്രീപെയ്ഡ് ആയി വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനും കഴിയും. |
| (ജി) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന നടപടി അതിന്റെ അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്ന സാഹചര്യത്തിൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾക്കായി പണം ചെലവാക്കുന്നത് ബോർഡിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ജി) | ആർ.ഡി.എസ്.എസ്, പദ്ധതിയുടെ മാർഗരേഖ പ്രകാരം ഒന്നാം ഘട്ടമായി ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ഒരു സർവ്വീസ് പ്രൈവൈഡറെ (സേവന ദാതാവ്) കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13.02.2023 ന് ആരംഭിച്ചു. 27 മാസം ആണ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലയളവ്. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികൾ അതിന്റെ ആരംഭഘട്ടത്തിൽ മാത്രമാണ്. ആയതിനാൽ സ്പോട്ട് ബില്ലിംഗ് മെഷീനുകൾ ഇപ്പോൾ മാസവാടക അടിസ്ഥാനത്തിൽ ദേശസാൽകൃത ബാങ്കുകൾ വഴി ടെൻഡർ നടപടിയിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ